# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1839 11.2.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ചോദ്യം മറുപടി

ശ്രീ. വി.പി.സജീന്ദ്രൻ ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 2007-08, 2008-09 എന്നീ വർഷങ്ങളിൽ വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) അതിനായി, ഓരോ വർഷവും എത്ര തുകയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; | (ബി) സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം 2007-08 വർഷത്തിൽ 21.88 ലക്ഷം രൂപയ്ക്കും 2008-09 വർഷത്തിൽ 33.31 ലക്ഷം രൂപയ്ക്കും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എ.ഡി.ഐ.പി പദ്ധതി പ്രകാരം 2008-09 സാമ്പത്തിക വർഷത്തിൽ 187.14 ലക്ഷം രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (സി) എത്ര തുകയുടെ ഉപകരണങ്ങൾ, കോർപ്പറേഷന്റെ നിർമ്മാണ യൂണിറ്റിൽ, നിർമ്മിച്ച് നൽകിയിട്ടുണ്ട്; | (സി) 2007-08, 2008-09 എന്നീ വർഷങ്ങളിൽ 41.73 ലക്ഷം രൂപയ്ക്കുള്ള ഉപകരണങ്ങൾ കോർപ്പറേഷന്റെ നിർമ്മാണ യൂണിറ്റിൽ നിർമ്മിച്ച നൽകിയിട്ടുണ്ട്. |
| (ഡി) ഓരോ വർഷവും വാങ്ങിയതിൽ, എത്ര തുകയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു എന്നും ഓരോ വർഷവും എത്ര ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു എന്നും വ്യക്തമാക്കുമോ? | (ഡി) 2007-08 വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 561 ഗുണഭോക്താക്കൾക്കായി 20.90 ലക്ഷം രൂപയുടെ വിവിധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2008-09 വർഷം എ.ഡി.ഐ.പി പദ്ധതി പ്രകാരം 6070 ഗുണഭോക്താക്കൾക്കായി 187.14 ലക്ഷം രൂപയുടെ ഉപകരണവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 1065 ഗുണഭോക്താക്കൾക്കായി 33.31 ലക്ഷം രൂപയുടെ ഉപകരണവും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ